**കേരള സർക്കാർ**

<u>സംഗ്രഹം</u>

സ്റ്റോർസ് പർച്ചേസ് വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പിക്ക് അപ്പ് വാൻ/ ഇലക്ട്രിക് ഓട്ടോ എന്നിവ കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡിൽ (KAL) നിന്നും വാങ്ങുന്നതിന് ടെൻഡർ നടപടിക്രമങ്ങളിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം. 9/2024/SPD തീയതി, തിരുവനന്തപുരം, 09-01-2024.

---

പരാമർശം :- 1. 02.09.2022 ലെ G.O.(Rt)No.21 59/2022/LSGD എന്ന സർക്കാർ ഉത്തരവ്.

2. കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 05.10.2023 ലെ KAL/MDO/2023-24/253 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾക്കായി ഇലക്ട്രിക് ഓട്ടോറിക്ഷകളും അനുബന്ധ വാഹനങ്ങളായ പിക്ക് അപ്പ് വാൻ, ഡെലിവറി വാൻ തുടങ്ങിയ വാഹനങ്ങളും ടെൻഡർ നടപടികളില്ലാതെ കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡിൽ (KAL) നിന്നും, ഗുണ നിലവാരം ഉറപ്പ വരുത്തിക്കൊണ്ടും, ടി സ്ഥാപനം വാഗ്ദാനം ചെയ്തിട്ടുള്ള, അടിസ്ഥാനവിലയിൽ 2 % കിഴിവ്, ബാറ്ററിയ്ക്ക് 3 വർഷ വാറണ്ടി, 5 ഫ്രീ സർവ്വീസ് തുടങ്ങിയ ഇളവുകളോടെയും ഒരു വർഷത്തേയ്ക്ക് വ്യവസ്ഥകൾക്ക് വിധേയമായി വാങ്ങുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ കാലാവധി 01.09.2023 ൽ അവസാനിച്ചതിനാൽ അനുമതിയുടെ കാലാവധി ദീർഘിപ്പിച്ച നൽകണമെന്ന് കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിലെ നിർദ്ദേശാനുസരണം പ്രസ്തുത സ്ഥാപനത്തിലെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾക്കായുള്ള പിക്ക് അപ്പ് വാൻ / ഇലക്ട്രിക് ഓട്ടോ എന്നിവ GeM പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നത് ഉറപ്പാക്കേണ്ടതാണ്. GeM മുഖേന അല്ലാതെ ഈ വാഹനങ്ങൾ പർച്ചേസ് ചെയ്യേണ്ട സാഹചര്യത്തിൽ, ഗുണനിലവാരം ഉറപ്പവരുത്തികൊണ്ടും, ടി സ്ഥാപനം വാഗ്ദാനം ചെയ്തിട്ടുള്ള, അടിസ്ഥാനവിലയിൽ 2 % കിഴിവ്, ബാറ്ററിയ്ക്ക് 3 വർഷ വാറണ്ടി, 5 ഫ്രീ സർവ്വീസ് തുടങ്ങിയ ഇളവുകളോടെയും, ഈ വാഹനങ്ങൾ മറ്റു പ്രമുഖ കമ്പനികളുടെ ഇതേ സ്പെസിഫിക്കേഷൻ ഉള്ള വാഹനങ്ങളുടെ മാർക്കറ്റ് വിലയേക്കാൾ കുറവാണെന്ന് ഉറപ്പ വരുത്തികൊണ്ടും കേരള ഓട്ടോമൊബൈൽ ലിമിറ്റഡിൽ നിന്നും (KAL) ടെൻഡർ നടപടികൾ കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് വാങ്ങുന്നതിന് സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 ൽ ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD V R
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സി-ഡിറ്റ്, ഗോർക്കി ഭവനം, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം (സർക്കാർ ഉത്തരവ് സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ വെബ്സൈറ്റിൽ ചേർക്കുന്നതിന്).
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (സർക്കാർ ഉത്തരവ് വെബ്സൈറ്റിൽ ചേർക്കുന്നതിന്).
വ്യവസായ വകുപ്പ് (IND-D3/33/2022-IND ഫയൽ പ്രകാരം).
തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ